"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - കോട്ടക്കൽ നഗരസഭാ പരിധിയിലെ തെരുവ് വിളക്കുകൾ എൽ.ഇ.ഡി. സംവിധാനത്തിലേക്ക് മാറ്റുന്നതിന് M/s ARTCO ലിമിറ്റഡ് എന്ന സ്ഥാപനവുമായി കരാറിൽ ഏർപ്പെടുന്നതിന് കോട്ടക്കൽ നഗരസഭയ്ക്ക് അനുമതി നൽകി - ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.സി.) വകുപ്പ്

സ.ഉ.(സാധാ) നം.**1807/2019/**ത.സ്വ.ഭ.വ  തീയതി, തിരുവനന്തപുരം, 21/08/2019

---

പരാമർശം:- (1) കോട്ടയ്ക്കൽ നഗരസഭാ ചെയർമാന്റെ 07.05.2019 ലെ വി.ഡബ്ല്യു.2/19978/18 നമ്പർ കത്ത്.

(2) എനർജി മാനേജ്മെന്റ് സെന്റർ ഡയറക്ടറുടെ 26.06.2019 ലെ EMC/EED/19/E-16027/KM നമ്പർ കത്ത്.

(3) സ.ഉ. (സാധാ) നം. 1760/2019/തസ്വഭവ തീയതി 14.08.2019.

ഉത്തരവ്

കോട്ടയ്ക്കൽ നഗരസഭാ പരിധിയിലെ തെരുവ് വിളക്കുകൾ എൽ.ഇ.ഡി. സംവിധാനത്തിലേക്ക് മാറ്റുന്നതിന് കോട്ടയ്ക്കൽ നഗരസഭയും M/s ARTCO ലിമിറ്റഡ് എന്ന സ്ഥാപനവുമായി കരാറിൽ ഏർപ്പെടുന്നതിന് പരാമർശം (3) ലെ ഉത്തരവ് പ്രകാരം അനുമതി നൽകിയിരുന്നു. ടി സർക്കാർ ഉത്തരവിലെ 3-ാം ഖണ്ഡിക താഴെപറയും പ്രകാരം ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

" 3. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് എനർജി മാനേജ്മെന്റ് സെന്റർ ഡയറക്ടറുടെ റിപ്പോർട്ട് ആരായുകയും, പരാർശം (2) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കുകയും ചെയ്തിരുന്നു. കോട്ടയ്ക്കൽ നഗരസഭാ പിരിധിയിൽ നിലവിൽ 4729 സ്ട്രീറ്റ് ലൈറ്റുകളാണ് ഉള്ളത്. M/s. ARTCO ലിമിറ്റഡ് സമർപ്പിച്ചിട്ടുള്ള ടെണ്ടർ പ്രകാരം മുനിസിപ്പാലിറ്റി പരിധിക്കുള്ളിലെ പ്രധാനപ്പെട്ട റോഡുകളിൽ 100 വാട്ട്സിന്റെ 1100 ലൈറ്റുകളും, മറ്റു ചെറിയ റോഡുകളിൽ 20 വാട്ട്സിന്റെ 3629 ലൈറ്റുകളും സ്ഥാപിക്കുമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. നിലവിൽ സ്ട്രീറ്റ് ലൈറ്റുകൾക്ക് വൈദ്യുതി ബിൽ ഇനത്തിൽ പ്രതിവർഷം 33 ലക്ഷം രൂപയാണ് മുനിസിപ്പാലിറ്റിക്ക് ചെലവാകുന്നത് ( പ്രതിമാസം 2.75 ലക്ഷം രൂപ). ഇതിന് പുറമെ അറ്റകുറ്റ പണികൾക്കായി

പ്രതിമാസം 2.75 ലക്ഷം രൂപയും ചെലവാകുന്നുണ്ട് എന്ന് കോട്ടയ്ക്കൽ നഗരസഭ അറിയിച്ചിട്ടുണ്ട്. അതായത് തെരുവ് വിളക്കുകൾക്കായി പ്രതിമാസം 5.5 ലക്ഷം രൂപ കോട്ടയ്ക്കൽ മുനിസിപ്പാലിറ്റി നിലവിൽ ചെലവാക്കുന്നുണ്ട്. M/s. ARTCO ലിമിറ്റഡ് പ്രതിമാസം 4,56,278/- രൂപയാണ് EMI ആയി (നികുതികൾക്ക് പുറമെ) ആവശ്യപ്പെട്ടിരിക്കുന്നത്. ഇത് പ്രകാരം പ്രതിവർഷം 54,75,336 രൂപയും 10 വർഷത്തേയ്ക്ക് ആകെ 5,47,53,360/- രൂപയുമാണ് മുനിസിപ്പാലിറ്റി M/s ARTCO ലിമിറ്റഡ് എന്ന സ്ഥാപനത്തിന് (നികുതികൾക്ക് പുറമെ) നൽകേണ്ടത്. ഈ സാഹചര്യത്തിൽ കോട്ടയ്ക്കൽ നഗരസഭയിലെ തെരുവ് വിളക്കുകൾ എൽ.ഇ.ഡി. സംവിധാനത്തിലേക്ക് മാറ്റുന്നതിന് കോട്ടയ്ക്കൽ നഗരസഭയും M/s ARTCO ലിമിറ്റഡ് എന്ന സ്ഥാപനവുമായി കരാറിൽ ഏർപ്പെടുന്നതിന്, താഴെ പറയുന്ന വ്യവസ്ഥകൾ കൂടി കരാറിൽ ഉൾപ്പെടുത്തേണ്ടതും അന്തിമ കരാറിന്റെ പകർപ്പ് സർക്കാരിൽ ലഭ്യമാക്കേണ്ടതുമാണ് എന്ന നിബന്ധനയ്ക്ക് വിധേയമായി അനുമതി നൽകുന്നു.

i. നിലവിലുള്ള സ്ട്രീറ്റ് ലൈറ്റിന് പകരം 20 വാട്ട്സിന്റെയും 100 വാട്ട്സിന്റെയും സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുമ്പോൾ ആവശ്യത്തിനുള്ള പ്രകാശ തീവ്രത ലഭിക്കുമെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. അതിനായി സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന എൽ.ഇ.ഡി. സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം, വാട്ടേജ് എന്നിവ പുനക്രമീകരിച്ച് IS-1944 പ്രകാരം വെളിച്ചം ഉണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

ii. പ്രവർത്തന രഹിതമായ എൽ.ഇ.ഡി. തെരുവുവിളക്കുകൾ 48 മണിക്കൂറിനുള്ളിൽ തകരാർ പരിഹരിച്ച് പ്രവർത്തനസജ്ജമായെന്ന് ഉറപ്പുവരുത്തേണ്ടതാണ്. ഇല്ലെങ്കിൽ പിഴ ഈടാക്കുവാനുള്ള വ്യവസ്ഥകൾ അന്തിമ കരാറിൽ ഉൾപ്പെടുത്തേണ്ടതാണ്. ഈ ആവശ്യത്തിലേക്ക് സോഫ്റ്റ് വെയർ സംവിധാനം ഏർപ്പെടുത്തണം.

iii. സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന എൽ.ഇ.ഡി. തെരുവ് വിളക്കുകളുടെ സാമ്പിൾ സ്വീകരിച്ച് NABL അംഗീകൃത ലാബിൽ പരിശോധിച്ച് ഗുണനിലവാരം ഉറപ്പാക്കേണ്ടതാണ്. ചുരുങ്ങിയത് 10 ശതമാനം ലൈറ്റുകളുടെ സാമ്പിൾ പരിശോധനയ്ക്ക് വിധേയമാക്കണം.

iv. 10 വർഷത്തിന് (പദ്ധതി നടത്തിപ്പ് കാലയളവ്) ശേഷം തെരുവ് വിളക്കുകൾ കോട്ടയ്ക്കൽ മുനിസിപ്പാലിറ്റിയ്ക്ക് കൈമാറുമ്പോൾ എല്ലാ തെരുവുവിളക്കുകളും പ്രവർത്തനസജ്ജമാണെന്ന് ഉറപ്പാക്കേണ്ടതാണ്.

v. അധികമായി സ്ഥാപിക്കുന്ന എൽ.ഇ.ഡി.തെരുവ് വിളക്കുകളുടെ വിലയും മറ്റ് കാര്യങ്ങളും നഗരസഭയും കമ്പനിയും തമ്മിൽ തീരുമാനിക്കേണ്ടതാണ്. എന്നാൽ ഇപ്രകാരം തീരുമാനിക്കുമ്പോൾ അധികം ലൈറ്റ് സ്ഥാപിക്കുന്നതിന് കരാറുകാരന് ആനുപാതികമായ ചെലവ് വർദ്ധന ഉണ്ടാകില്ല എന്നതിനാൽ നഗരസഭക്ക് ആനുപാതികമായി കൂടുതൽ സാമ്പത്തിക നേട്ടം ലഭിക്കുന്ന രീതിയിൽ എഗ്രിമെന്റിൽ ഏർപ്പെടേണ്ടതാണ്.

vi. ഈ പദ്ധതി പ്രകാരം സ്ഥാപിക്കുന്ന തെരുവ് വിളക്കുകളുടെ വാട്ടേജ്, സ്ഥാപിക്കുന്ന പോസ്റ്റ് എന്നിവ പ്രത്യേകം അടയാളപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിശ്ചിത ലൂമിനസ് വെളിച്ചം ലഭിക്കുന്നു എന്നു ഓരോ വർഷവും പരിശോധനക്ക് വിധേയമാക്കി ഉറപ്പ് വരുത്തണം. വീഴ്ച വന്നാൽ പിഴ

ഈടാക്കാൻ വ്യവസ്ഥ ചെയ്യണം. "

2. പരാമർശം (3) ലെ സർക്കാർ ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**മിനിമോൾ ഡി**
**ജോയിന്റ് സെക്രട്ടറി**

ചെയർമാൻ, കോട്ടക്കൽ മുനിസിപ്പാലിറ്റി.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

ഡയറക്ടർ, എനർജി മാനേജ്മെന്റ് സെന്റർ, ശ്രീകൃഷ്ണ നഗർ, ശ്രീകാര്യം, തിരുവനന്തപുരം.

സെക്രട്ടറി, കോട്ടക്കൽ മുനിസിപ്പാലിറ്റി.

അക്കൗണ്ടന്റ് ജനറൽ (എ&ഇ) / (ഓഡിറ്റ്), കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.

ഓഫീസ് കോപ്പി / കരുതൽ ഫയൽ

പകർപ്പ് :- തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്.

തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.

തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ.

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by SMITHA CHANDRA
Date: 2019.08.21 16:42
Reason: Approved
സെക്ഷൻ ഓഫീസർ